# കേരള സർക്കാർ

<u>സംഗ്രഹം</u>

**തദ്ദേശ സ്വയം ഭരണ വകുപ്പ് – കൊച്ചി നഗരസഭ – കെ.എസ്.യു.ഡി.പി. പദ്ധതികളുടെ ഭാഗമായി പശ്ചിമ കൊച്ചിയിൽ സീവേജ് പമ്പ് ഹൗസ് നിർമ്മിയ്ക്കുന്നതിനായി കൊച്ചി താലൂക്കിലെ തോപ്പുംപടി വില്ലേജിലെ സർവ്വെ നമ്പർ 574/1,2pt-യിൽപ്പെട്ട 06.00 ആർ ഭൂമി അടിയന്തിര ഖണ്ഡത്തിൽപ്പെടുത്തി അക്വയർ ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.**

---

**തദ്ദേശ സ്വയംഭരണ (ആർ.സി) വകുപ്പ്**

**സ.ഉ. (സാധാ) 1257/2009/ത.സ്വ.ഭ.വ. തിയതി, തിരുവനന്തപുരം, മെയ് 29, 2009.**

---

പരാമർശം: 1. 22-10-2008-ലെ സ.ഉ. (സാധാ) നം.3715/08/ത.സ്വ.ഭ.വ.

2. കൊച്ചി നഗരസഭാ കൗൺസിലിന്റെ 13-03-2009-ലെ 64-ാം നമ്പർ തീരുമാനം.

3. കൊച്ചി നഗരസഭാ സെക്രട്ടറിയുടെ 06-04-2009-ലെ എം.ഒ.പി.2/7351/08 നമ്പർ കത്ത്.

## <u>ഉത്തരവ്</u>

കൊച്ചി നഗരസഭയിൽ കെ.എസ്.യു.ഡി.പി.യുടെ ആഭിമുഖ്യത്തിൽ ആരംഭിയ്ക്കുന്ന മാലിന്യ നിർമ്മാജ്ജന പദ്ധതിയുടെ നിർവ്വഹണത്തിനായി മട്ടാഞ്ചേരി വില്ലേജിലെ 574, 445, 347 എന്നീ ഓരോ സർവ്വേ നമ്പരുകളിലും പെട്ട 10 സെന്റ് സ്ഥലം വീതവും (ആകെ 30 സെന്റ്) രാമേശ്വരം വില്ലേജിലെ സർവ്വേ നമ്പർ 317-ൽപ്പെട്ട 10 സെന്റ് സ്ഥലവും ഉൾപ്പെടെ ആകെ 40 സെന്റ് സ്ഥലം അക്വയർ ചെയ്യുന്നതിന് പരാമർശം (1) പ്രകാരം അനുമതി നൽകിയിരുന്നു. എന്നാൽ പ്രസ്തുത സ്ഥലം മേൽ ആവശ്യത്തിന് ഉപയുക്തമാക്കുന്നതിൽ ചില സാങ്കേതിക ബുദ്ധിമുട്ടുകൾ നേരിടുന്നതിനാൽ നഗരസഭ ഇതിനായി മറ്റൊരു 00.28.94 ഹെക്ടർ സ്ഥലം കണ്ടെത്തിയിട്ടുണ്ടെന്നും ഇതിൽ കൊച്ചി താലൂക്കിലെ തോപ്പുംപടി വില്ലേജിൽ സർവ്വേ 574/1,2pt-യിൽപ്പെട്ട 00.06.00 ഹെക്ടർ ഭൂമി സ്വകാര്യ ഭൂമിയായതിനാൽ ആയത് അർജൻസി ക്ലോസിൽ അക്വയർ ചെയ്യണമെന്നും പരാമർശം (2) പ്രകാരം തീരുമാനിച്ച് പരാമർശം (3) പ്രകാരം സർക്കാരിൽ അപേക്ഷിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ കൊച്ചി നഗരസഭയിൽ കെ.എസ്.യു.ഡി.പി. യുടെ ആഭിമുഖ്യത്തിൽ മാലിന്യ നിർമ്മാജ്ജന പദ്ധതി നടപ്പിലാക്കുന്നതിനായി കൊച്ചി

(മറുപുറം)

താലൂക്കിലെ തോപ്പുംപടി വില്ലേജിൽ സർവ്വേ നമ്പർ 574/1,2pt-യിൽപ്പെട്ട 00.06.00 ഹെക്ടർ സ്ഥലം അടിയന്തിര ഖണ്ഡത്തിൽപ്പെടുത്തി പൊന്നും വിലയ്ക്കെടുക്കുന്നതിന് താഴെ പറയുന്ന നിബന്ധനകളുടെ അടിസ്ഥാനത്തിൽ അനുമതി നൽകുന്നതോടൊപ്പം ഇത് സംബന്ധമായ പരാമർശം (1)-ലെ സർക്കാർ ഉത്തരവ് റദ്ദാക്കിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

(i) അക്വിസിഷനാവശ്യമായ തുകയുടെ 80% മുൻകൂറായി എറണാകുളം ജില്ലാ കളക്ടർ മുമ്പാകെ ഒടുക്കേണ്ടതാണ്.

(ii) അക്വിസിഷൻ സംബന്ധമായി സർക്കാരിന് യാതൊരു വിധ സാമ്പത്തിക, വ്യവഹാര ബാധ്യതകൾ ഉണ്ടായിരിക്കുന്നതല്ല.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

**കെ.അനിൽകുമാർ,**
അണ്ടർ സെക്രട്ടറി.

To

സെക്രട്ടറി, കൊച്ചി നഗരസഭ, എറണാകുളം.

ജില്ലാ കളക്ടർ, എറണാകുളം.

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ & ഇ)/(ആഡിറ്റ്), കേരളം, തിരുവനന്തപുരം.

ഡയറക്ടർ, ലോക്കൽ ഫണ്ട് ആഡിറ്റ്, തിരുവനന്തപുരം.

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം. (വെബ് സൈറ്റിലും മറ്റും പ്രസിദ്ധീകരിക്കുന്നതിനായി)

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

Radh

സെക്ഷൻ ഓഫീസർ.